"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - അമ്പലപ്പുഴയിലെ കരുമാടി ജലോത്സവത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1405/2026/LSGD തീയതി,തിരുവനന്തപുരം, 29-07-2026

പരാമർശം:-

1. ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗം സമർപ്പിച്ച 01.07.2026 തീയതിയിലെ അപേക്ഷ.

2. ബഹു.അമ്പലപ്പുഴ MLA യുടെ 02-07-2026 -ലെ കത്ത് .

ഉത്തരവ്

അമ്പലപ്പുഴയിലെ കരുമാടി ജലോത്സവത്തിന് ധനസഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗം സർക്കാരിന് സമർപ്പിച്ച അപേക്ഷ ബഹു.അമ്പലപ്പുഴ എം.എൽ.എ സൂചന 2 പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അമ്പലപ്പുഴയിലെ കരുമാടി ജലോത്സവത്തിന് ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ₹100000/- (ഒരുലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Assim M S
Date: 29-07-2026
16:33:05

സെക്ഷൻ ഓഫീസർ